Vol-2, Issue-10
11-03- 2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാനവാർത്തകൾ

01. കൊലപാതകരാഷ്ട്രീയം ഉടൻ അവസാനിപ്പിക്കണം: കെ.സി.ബി.സി.
02. മതമേലധ്യക്ഷന്മാരെ അധിക്ഷേപിക്കുന്നത് രാഷ്ട്രീയ നേതൃത്വം നിർത്തണം.
03. സഭയിലും സമൂഹത്തിലും മദ്യവിരുദ്ധസംസ്കാരം വളർത്തണം: കർദ്ദിനാൾ.
04. മദ്യവിരുദ്ധ സമരത്തിൽനിന്നു പിന്നോട്ടില്ല: ആർച്ച് ബിഷപ് സൂസപാക്യം.
05. സാമൂഹിക പ്രതിബദ്ധത ചോദ്യം ചെയ്യേണ്ട: മാർ പൗവ്വത്തിൽ.
06. നീതിക്കുവേണ്ടി ശക്തമായി പോരാടും: മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ.
07. മൂലമ്പിള്ളി പ്രശ്നം: കെ.സി.വൈ.എം ഉപവാസം അവസാനിപ്പിച്ചു.
08. മൂലമ്പിള്ളി പാക്കേജ്: പകരം സ്ഥലവും ധനസഹായവും.
09. ഒറീസ്സയിൽ കേന്ദ്രം ഇടപെടണം: ആഭ്യന്തരമന്ത്രിക്ക് ബിഷപ്പിന്റെ പരാതി.

### 01. **കൊലപാതകരാഷ്ട്രീയം ഉടൻ അവസാനിപ്പിക്കണം: കെ.സി.ബി.സി.**

മനുഷ്യത്വത്തിനും ജനാധിപത്യത്തിനും നിരക്കാത്ത കൊലപാതകരാഷ്ട്രീയം ഉടൻ അവസാനിപ്പിച്ച് സമാധാനം പുനഃസ്ഥാപിക്കാൻ രാഷ്ട്രീയപാർട്ടികൾ മുൻകൈയെടുക്ക ണമെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതി ആവശ്യപ്പെട്ടു. കനത്ത പോലീസ് കാവലിലും മൂന്ന് ദിവസത്തിനുള്ളിൽ തലശ്ശേരി നഗരത്തിലും പരിസരങ്ങളിലുമായി ഏഴുപേർ അതിദാരുണമായി കൊലചെയ്യപ്പെട്ടത് എല്ലാം ആസൂത്രിതമാണെന്ന സംശയം ബലപ്പെടുത്തുകയാണ്.

കണ്ണൂർ ജില്ലയിലും പരിസരപ്രദേശങ്ങളിലും അക്രമികളെ അമർച്ചചെയ്യാനും സമാധാനം പുനഃസ്ഥാപിക്കാനും പോലീസിന് പൂർണസ്വാതന്ത്ര്യം നൽകി ഗവൺമെന്റ് കർശനമായ നടപടികൾ കൈക്കൊള്ളണം. ഇത്തരം പ്രതിസന്ധികളിലാണ് ഗവൺമെന്റ് ഭരണഘടന അനുസരിച്ച് സമാധാനം പുനഃസ്ഥാപിക്കാൻ നിയമപാലകർക്ക് വ്യക്തമായി നിർദ്ദേശം നൽകേണ്ടത്. വേണ്ടിവന്നാൽ കേന്ദ്രസേനയെ വിന്യസിച്ച് സമാധാനം പുനഃസ്ഥാപിക്കാൻ സർക്കാരിന് ഭരണഘടനാപരമായ ബാധ്യതയുണ്ട്. ആക്രമണത്തിൽ ഏർപ്പെട്ടിരിക്കുന്ന രണ്ട് പാർട്ടികളും അച്ചടക്കത്തിന് പേരുകേട്ട കേഡർ പാർട്ടികളാണ് എന്നുള്ളത് സംഭവങ്ങളിൽ പാർട്ടി നേതൃത്വത്തിന്റെ ഉത്തരവാദിത്വത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. അതുകൊണ്ടുതന്നെ സത്വരമായി സമാധാനം പുനഃസ്ഥാപിക്കാൻ ഇരുപാർട്ടികളുടെയും നേതൃത്വം ഒട്ടും വൈകിക്കൂടാ.

തലശ്ശേരി അതിരൂപതയുടെയും കണ്ണൂർ രൂപതയുടെയും നേതൃത്വത്തിൽ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമാധാനം പുനഃസ്ഥാപിക്കാൻ വേണ്ടി 09.03.2008 പ്രാർത്ഥനാദിനമായി ആചരിച്ചു. മൂന്ന് പതിറ്റാണ്ടായി കണ്ണൂർ ജില്ലയിൽ നിലനിൽക്കുന്ന കൊലപാതകരാഷ്ട്രീയം അവസാനിപ്പിക്കാൻ മതരാഷ്ട്രീയത്തിനതീതമായി കേരളജനത ഒറ്റകെട്ടായി മുന്നോട്ട് വരണമെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി പ്രസിഡന്റ് ആർച്ച്ബിഷപ്പ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ, വൈസ് പ്രസിഡന്റ് ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സെക്രട്ടറി ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് എന്നിവർ സംയുക്ത പത്രപ്രസ്താവനയിൽ അഭിപ്രായപ്പെട്ടു.

**02. മതമേലധ്യക്ഷന്മാരെ അധിക്ഷേപിക്കുന്നത് രാഷ്ട്രീയ നേതൃത്വം നിർത്തണം.**

കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ

മതമേലധ്യക്ഷൻമാരെ അധിക്ഷേപിക്കുന്നത് രാഷ്ട്രീയ നേതൃത്വം നിറുത്തണമെന്ന് കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ.ജോണി കൊച്ചുപറമ്പിൽ ആവശ്യപ്പെട്ടു. മതമേലധ്യക്ഷൻമാരെ നീചമായി വിമർശിക്കുന്നത് സംസ്ക്കാരസമ്പന്നരെന്ന് അഭിമാനിക്കുന്ന രാഷ്ട്രീയനേതാക്കൾക്ക് യോജിച്ചതല്ല. പൊതുപ്രവർത്തകർ പാലിക്കേണ്ട അടിസ്ഥാന മര്യാദ പോലും പാലിക്കുവാൻ ഇവിടുത്തെ ചില രാഷ്ട്രീയ നേതാക്കന്മാർ തയ്യാറാകുന്നില്ലായെന്നത് ഒരു ദുഃഖസത്യമാണ്. കഴിഞ്ഞ രണ്ടു വർഷമായി മതമേലധ്യക്ഷന്മാരെ അതിരുകടന്ന് വിമർശിക്കുന്ന ശൈലി വർദ്ധിച്ചുവരികയാണ്. അത് അംഗീകരിക്കാവുന്നതല്ല. സഭ പഠിപ്പിക്കുന്ന ഭാഷാശൈലിയും രാഷ്ട്രീയക്കാർ പഠിപ്പിക്കുന്ന ഭാഷാശൈലിയും സാംസ്കാരികമായി വളരെ വ്യത്യസ്തമാണ്. സഭ പലപ്പോഴും മൗനം പാലിക്കുന്നത് സഭയുടെ ബലഹീനതയല്ല. മറിച്ച് സഭയുടെ അന്തസ്സ് കാത്തുസൂക്ഷിക്കുന്നതുകൊണ്ടാണ്. അന്തസ്സില്ലാത്ത ഭാഷ സഭാ നേതൃത്വമോ വിശ്വാസികളോ പ്രസംഗിക്കുകയോ മാധ്യമങ്ങൾക്ക് നൽകുകയോ ചെയ്യാറില്ല- കമ്മീഷൻ സെക്രട്ടറി പറഞ്ഞു.

അഭിവന്ദ്യ ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിനെതിരെ ഒരു രാഷ്ട്രീയ നേതാവ് നടത്തിയ പ്രസ്താവന സത്യവിരുദ്ധവും അപഹാസ്യവുമാണ്. അത് രാഷ്ട്രീയ നേതൃത്വത്തിന് യോജിച്ചതല്ല. ഒരു നുണ പല പ്രാവശ്യം പറഞ്ഞാൽ സത്യമാണെന്ന് വിശ്വസിക്കുന്നവരല്ല കേരളത്തിലെ ജനങ്ങൾ. ദുഷ്പ്രചരണങ്ങളിൽ ആടിയുലയുന്നതല്ല ക്രൈസ്തവസഭ. ഏത് എതിർപ്പിലൂടെയും സഭ ശക്തമായി മുന്നോട്ട് പോകും. അതിന് രാഷ്ട്രീയ നേതൃത്വത്തിന്റെ സ്വാധീനം ആവശ്യമില്ല- ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ പറഞ്ഞു.

**03. സഭയിലും സമൂഹത്തിലും മദ്യവിരുദ്ധസംസ്കാരം വളർത്തണം: കർദ്ദിനാൾ.** (മംഗളം- 03-03-008)

സഭയിലും സമൂഹത്തിലും മദ്യവിരുദ്ധ സംസ്കാരം വളർത്താൻ മദ്യവിരുദ്ധ കുടുംബങ്ങൾ യത്നിക്കണമെന്ന് സി.ബി.സി.ഐ പ്രസിഡന്റ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ ആഹ്വാനം ചെയ്തു.കലൂർ റിന്യൂവൽ സെന്ററിൽ നടന്ന എറണാകുളം-അങ്കമാലി അതിരൂപതയിലെ ആയിരത്തിലേറെ കുടുംബങ്ങൾ പങ്കെടുത്ത മദ്യവിമുക്ത കുടുംബസംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു കർദ്ദിനാൾ. മാർ തോമസ് ചക്യത്ത് അനുഗ്രഹപ്രഭാഷണം നടത്തി. ചടങ്ങിൽ മദ്യവിരുദ്ധ സമിതി പ്രസിഡന്റ് അഡ്വ. ചാർളി പോൾ അധ്യക്ഷനായിരുന്നു.

**04. മദ്യവിരുദ്ധ സമരത്തിൽനിന്നു പിന്നോട്ടില്ല: ആർച്ച് ബിഷപ് സൂസപാക്യം.** (ദീപിക 02-03-2008)

ജനങ്ങളെ മദ്യത്തിൽ മുക്കിക്കൊല്ലാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് ആർച്ച് ബിഷപ് റവ.ഡോ. സൂസപാക്യം. കേരള മദ്യ നിരോധന സമിതി തിരുവനന്തപുരം ജില്ലാ കമ്മിറ്റി സെക്രട്ടേറിയറ്റ് നടയിൽ മദ്യത്തിനെതിരായ സൗജന്യസംഭാര വിതരണത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം മദ്യനയം തിരുത്താമെന്ന് സർക്കാർ പലതവണ വാഗ്ദാനം നൽകിയിട്ടും നടപ്പാക്കാൻ തയ്യാറാകുന്നില്ല. നിരോധിക്കണമെന്നാവശ്യപ്പെട്ട് അക്രമ രഹിതമായ സമരം നടത്തുന്ന തങ്ങളെ അടിച്ചമർത്താനാണ് സർക്കാർ ശ്രമം. എത്ര പീഢനങ്ങൾ ഉണ്ടായാലും മദ്യവിരുദ്ധ സമരം ശക്തമാക്കും. മദ്യം സംഘർഷത്തിന്റെ പ്രതീകമാണ്. സമാധാനത്തിന്റെയും ശാന്തിയുടെയും പ്രതീകമായതിനാലാണ് സംഭാര വിതരണം സമര മാർഗ്ഗമായി തെരഞ്ഞെടുത്തത്. പാളയം ഇമാം ഹംസ മൗലവി ഫാറൂഖി അധ്യക്ഷത വഹിച്ചു. സ്വതന്ത്ര്യ സമര സേനാനി കെ.ഇ മാമ്മൻ, മദ്യ നിരോധന സമിതി ജില്ലാ പ്രസിഡന്റ് വിജയൻ തോമസ്, സെക്രട്ടറി ശ്രീജാ സുരേഷ് ആർ നാരായണൻ തമ്പി എന്നിവർ സംബന്ധിച്ചു. ചടങ്ങിൽ മജീഷ്യൻ മാസ്റ്റർ ഭാഗ്യനാഥ് മദ്യകുപ്പിയുടെ ചിത്രം കത്തിച്ച് സാമാധാനത്തിന്റെ ചിഹ്നമായ വെള്ളരി പ്രാവിനെ സൃഷ്ടിച്ച് ആകാശത്തിലേക്ക് പറത്തിവിട്ടു. പ്രവൃത്തി ദിനങ്ങളിൽ രാവിലെ 10.30 മുതൽ 3.30 വരെ സംഭാരം വിതരണം നടക്കും. മദ്യ വിരുദ്ധ സന്ദേശങ്ങളും ചിത്രങ്ങളും സൂക്തങ്ങളും അടങ്ങിയ പോസ്റ്റർ പ്രദർശനവും ഒരുക്കി.

**05. സാമൂഹിക പ്രതിബദ്ധത ചോദ്യം ചെയ്യേണ്ട: മാർ പൗവ്വത്തിൽ.** (മലയാള മനോരമ 27-03 2008)

ക്രൈസ്തവരുടെ സാമൂഹികപ്രതിബദ്ധതയെ ചോദ്യംചെയ്യുന്നവർ വസ്തുതകളുടെ നേരെ കണ്ണടയ്ക്കുകയാണെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പൗവ്വത്തിൽ പ്രസ്താവിച്ചു. സംസ്ഥാനത്ത് ബുദ്ധിവൈകല്യമുള്ള കുട്ടികൾക്കു മുന്നൂറോളം വിദ്യാലയങ്ങളുള്ളതിൽ ഇരുന്നൂറ്റി ഇരുപതോളം ക്രൈസ്തവർ നടത്തുന്നതാണെന്ന് അറിയാമോയെന്ന് അദ്ദേഹം ചോദിച്ചു. കേരളത്തിലെ ഒൻപതുലക്ഷത്തോളം ബുദ്ധിവൈകല്യമുള്ള കുട്ടികൾക്കു ക്ഷേമത്തിനുവേണ്ടി സർക്കാർ എന്തു ചെയ്യുന്നു? വികലാംഗർ, ബധിരർ, അന്ധർ, എയ്ഡഡ് ബാധിതർ, വയോധികർ തുടങ്ങിയവർക്കുവേണ്ടി

കേന്ദ്രങ്ങൾ തുറക്കുകയും സേവനം നടത്തുകയും ചെയ്യുന്നത് ആരെല്ലാമാണ്? ആളുകളെ ലഹരിവിമുക്തരാക്കാനും മറ്റും ആരാണു ശ്രമിക്കുന്നത്? വിദ്യാഭ്യാസവും ആതുരശുശ്രൂഷയും കൂടാതെ ഓരോ പള്ളിയോടും ചേർന്നു ജീവകാരുണ്യപ്രവർത്തനങ്ങൾ, ഭവനനിർമാണം, മറ്റു വികസനോന്മുഖമായ പ്രവർത്തനങ്ങൽ തുടങ്ങിയവ എന്തുമാത്രം നടക്കുന്നെന്നു മനസ്സിലാക്കാൻ പ്രത്യയശാസ്ത്രഭ്രമക്കാർ എന്നെങ്കിലും ശ്രമിച്ചിട്ടുണ്ടോ? ഇതെല്ലാം ചെയ്യുന്നത് പഴയകാലത്തെ മിഷണറിമാർ മാത്രമല്ല, ഇന്നത്തെ വിശ്വാസികളും പുരോഹിതന്മാരുമെല്ലാമാണ്- ആർച്ച് ബിഷപ് പറഞ്ഞു. സ്വാശ്രയ സ്ഥാപനങ്ങളിലെ കുറഞ്ഞ ഫീസും പ്രവേശനത്തിലെ നിയന്ത്രണവും എന്ന സർക്കാരിന്റെ കൃത്രിമ മാനദണ്ഡം ഉപയോഗിച്ചല്ല ഒരു സമൂഹത്തിന്റെ നീതിബോധവും സാമൂഹിക പ്രതിബദ്ധതയും അളക്കേണ്ടത്. വ്യാപകമായ പ്രചാരണത്തിലൂടെ സത്യത്തെ മൂടിവയ്ക്കാൻ ശ്രമിക്കാതിരിക്കുകയാണ് നല്ലത്- മാർ പൗവ്വത്തിൽ പറഞ്ഞു.

**06. നീതക്കുവേണ്ടി ശക്തമായി പോരാടും: മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ.**

(ദീപിക 05-03-2008)

പാവപ്പെട്ട ജനതയുടെ നീതിക്കുവേണ്ടിയുള്ള പോരാട്ടം കണ്ടിട്ടും സർക്കാർ കണ്ണടച്ചിരുന്നാൽ വൈദികരും വൈദികമേലധ്യക്ഷന്മാരും സജീവമായി രംഗത്തിറങ്ങുമെന്ന് സീറോ മലങ്കര സഭാ മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ മുന്നറിയിപ്പ് നൽകി. മൂലമ്പിള്ളിയിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ടവരെ എത്രയും പെട്ടെന്ന് പുനരധിവസിപ്പിക്കണമെന്നാവശ്യപ്പെട്ട് കേരള കത്തോലിക്കാ യുവജന സംഘടന (കെ. സി. വൈ. എം.) ഇന്നലെ സെക്രട്ടറിയറ്റ് നടയിൽ ആരംഭിച്ച ഉപവാസ സമരം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മൂലമ്പിള്ളിയിലെ കുടിയിറക്കപ്പെട്ട 24 കുടുംബങ്ങൾക്കുവേണ്ടി മാത്രമുള്ള സമരമല്ലിതെന്നു ബാവ അനുസ്മരിച്ചു. ഇതു നീതിക്കുവേണ്ടിയുള്ളപോരാട്ടമാണ്. 'ഞാനിവിടെ വന്നതു മൂലമ്പിള്ളിക്കാർ എന്റെ ഇടവകക്കാരോ, ഞാൻ മലങ്കര സഭയുടെ പരമാധ്യക്ഷനും ഇന്ത്യയിലെ കാതോലിക്കാമെത്രാൻ സംഘത്തിന്റെ ഉപാധ്യക്ഷനും ആയതുകൊണ്ടോ അല്ല. ഒരു ഇന്ത്യൻ പൗരനായതുകൊണ്ടാണ്. മൂലമ്പിള്ളി സംഭവം എന്റെ ഭാരതസംസ്ക്കാരത്തിനു കളങ്കമാണ്. കേരളസമൂഹം അനുഭവിക്കുന്ന വേദനയാണ്. അതിനെതിരെ നീതിബോധമുള്ളവർ പ്രതികരിച്ചേ മതിയാവൂ'-കാതേലിക്കാബവ വ്യക്തമാക്കി.

കത്തോലിക്കാ യുവജന സംഘടനയുടെ ഈ സമരം ഒരു സൂചനയാണ്. സർക്കാർ കണ്ണുതുറന്ന് തിരുത്തൽ നടപടിക്ക് മുതിരാതിരുന്നാൽ കൂടുതൽ ശക്തമായ സമരം ഉണ്ടാകും . ഈ യുവാക്കൾക്കൊപ്പം വൈദികരും വൈദിക മേലധ്യക്ഷൻമാരുമുണ്ടാകും. പത്തോ ഇരുപതോ കുടുംബങ്ങൾക്കുവേണ്ടി മുറവിളി കൂട്ടുന്നത് വോട്ടുബാങ്കുകളെ നോക്കി സമരം ചെയ്യുന്നവർക്കു ഏറെ ആകർഷണമല്ലായിരിക്കും. പക്ഷെ, നീതിക്കുവേണ്ടി പോരാടുന്നവർക്ക് അത് പ്രധാനമാണ്- കാതോലിക്കാ ബാവ കൂട്ടിച്ചേർത്തു. മൂലമ്പിള്ളി പ്രശ്നത്തിൽ ഇനിയും തീരിമാനം വൈകുന്നത് സർക്കാരിനു തീരാകളങ്കമാണെന്ന് വി.എം. സുധീരൻ ഓർമ്മിപ്പിച്ചു. നീതിക്കു വേണ്ടിയുള്ള ഈ പോരാട്ടത്തിനു മുന്നിട്ടിറങ്ങിയ യുവജന പ്രവർത്തകരെ സുധീരൻ അഭിനന്ദിച്ചു. എച്ച്.എം.ടി ഭൂമി അനധികൃതമായി ഒരു സ്വകാര്യ കമ്പനിക്കു കൈമാറാൻ കാണിച്ച തിടുക്കത്തിന്റെ നൂറിലൊന്ന് ഈ പാവങ്ങൾക്കുവേണ്ടി കാണിക്കാത്തതെന്ത്? സുധീരൻ ചോദിച്ചു. സ്മാർട്ട് സിറ്റിക്കുവേണ്ടി കുടിയിറക്കിയവർക്കു നൽകിയ പുനരധിവാസ സൗകര്യങ്ങളെങ്കിലും ഇവർക്കു നൽകണം.

**07. മൂലമ്പിള്ളി പ്രശ്നം: കെ.സി.വൈ.എം ഉപവാസം അവസാനിപ്പിച്ചു.**

(മലയാള മനോരമ 07-03-2008)

വല്ലാർപാടം കണ്ടെയ്നർ പദ്ധതിക്കായി കുടിയൊഴിപ്പിച്ച മൂലമ്പിള്ളി നിവാസികൾക്കു പിന്തുണ പ്രഖ്യാപിച്ചു കെസിവൈഎം സംസ്ഥാനഭാരവാഹികൾ നടത്തിയ 48 മണിക്കൂർ ഉപവാസം അവസാനിപ്പിച്ചു. തിരുവനന്തപുരം അതിരൂപത ആർച്ച് ബിഷപ് എം. സൂസപാക്യം, സത്യാഗ്രഹികളായ എജി പാറപ്പാട്ടിനും ബിജുവിനും നാരങ്ങനീരു നൽകിയാണ് ഉപവാസം അവസാനിപ്പിച്ചത്. മൂലമ്പിള്ളി പാക്കേജ് പുതുക്കി നിശ്ചയിക്കാൻ സർക്കാർ തീരുമാനിച്ചതായി കെസിവൈഎം അറിയിച്ചു. സമരം ഒരു മാസം പിന്നിടുന്നതിന്റെ ഭാഗമായി കഴിഞ്ഞ ദിവസം മൂലമ്പിള്ളി ദിനമായി ആചരിച്ചു. സമാപന സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് എജി പാറപ്പാട്ട് അധ്യക്ഷത വഹിച്ചു. കെസിബിസി യൂത്ത് കമ്മീഷൻ ചെയർമാൻ റവ. ഡോ. വിൻസന്റ് സാമുവൽ പ്രഭാഷണം നടത്തി.

**08. മൂലമ്പിള്ളി പാക്കേജ്: പകരം സ്ഥലവും ധനസഹായവും.** (ദീപിക 07-03-2008)

വല്ലാർപാടം പദ്ധതിക്കായി മൂലമ്പിള്ളിയിൽ നിന്നു കുടിയിറക്കുന്നവർക്കു പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചു. അഞ്ച് സെന്റ് വരെ നഷ്ടപ്പെട്ടവർക്ക് പകരം അഞ്ച് സെന്റ് സ്ഥലം നൽകും. അഞ്ച് സെന്റിൽ കൂടുതൽ നഷ്ടപ്പെട്ടവർക്ക് ആറ് സെന്റ് സ്ഥലം നൽകും. വീട് വയ്ക്കാൻ യോഗ്യമായ തരത്തിൽ നഷ്ടപ്പെട്ട ഭൂമിയോട് ചേർന്നാകും സ്ഥലം കണ്ടെത്തി നൽകുകയെന്ന് റവന്യൂ മന്ത്രി കെ.പി. രാജേന്ദ്രൻ അറിയിച്ചു. വീടുവയ്ക്കാനുള്ള കാലതാമസം കണക്കാക്കി പ്രതിമാസം അയ്യായിരം രൂപ വീതം പത്തു മാസത്തേക്കുള്ള വീട്ടുവാടക ഒരുമിച്ച് നൽകും. പുതിയ വാടക വീട്ടിൽ അടിസ്ഥാനസൗകര്യങ്ങളൊരുക്കൻ പതിനായിരം രൂപ നൽകും. ഇതിനു പുറമെ വീടും ഭൂമിയും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരവും നൽകും.

നഷ്ടപരിഹാരമായി ലഭിക്കുന്ന തുകയ്ക്ക് ആദായ നികുതി ഒഴിവാക്കും. വല്ലാർപാടം പദ്ധതിയുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളിലെ ഒരംഗത്തിന് ജോലി നൽകുന്ന കാര്യത്തിൽ മന്ത്രി ഉറപ്പ് നൽകിയില്ല. കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളിലെ ഒരംഗത്തിന് വിദ്യാഭ്യാസത്തിന് അനുസരിച്ച് തൊഴിൽ നൽകണമെന്നാണ് സർക്കാരിന്റെ ആഗ്രഹം. പദ്ധതി പൂർത്തിയായി വരുമ്പോൾ തൊഴിൽ ലഭ്യമാക്കാൻ പോർട്ട് ട്രസ്റ്റുമായും കേന്ദ്ര ഗവൺമെന്റുമായും ചർച്ച നടത്തുമെന്ന് മാത്രമാണ് മന്ത്രി പറഞ്ഞത്. വല്ലാർപാടം റയിൽ പദ്ധതിയുമായും മെട്രോ റയിൽ പദ്ധതിയുമായും ബന്ധപ്പെട്ട് 2005-ലും 2006-ലും ഭൂമി ഒഴിഞ്ഞു പോയവർക്ക് മൂന്ന് സെന്റ് നൽകാനാണ് നേരത്തെ തീരുമാനിച്ചിരുന്നത്. അവർക്ക് ഒരു സെന്റ് കൂടി നൽകും. അതിനുള്ള നടപടികളും ഇതോടൊപ്പം ആരംഭിക്കും. ഇന്ത്യയിൽ ആദ്യമായാണു സാമൂഹ്യസുരക്ഷയിൽ അധിഷ്ഠിതമായ പാക്കേജ് നടപ്പാക്കുന്നതെന്ന് മന്ത്രി പറഞ്ഞു. പുതിയ പാക്കേജുമായി എല്ലാവരും സഹകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഒരു മാസത്തിനുള്ളിൽ സ്ഥലമേറ്റെടുത്ത് പദ്ധതി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ കാലതാമസം ഒഴിവാക്കാൻ എത്രയും വേഗം മൂലമ്പിള്ളി നിവാസികൾ സമരത്തിൽ നിന്ന് പിൻമാറണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. മെട്രോ റയിലിനു വേണ്ടി ഇടപ്പള്ളി നോർത്ത്, ചേരാനല്ലൂർ , മുളവുകാട് എന്നിവിടങ്ങളിലെ 159 വീടുകളും വല്ലാർപാടം നാലുവരിപ്പാതയ്ക്കായി മൂലമ്പിള്ളി, മുളവുകാട്, കടമക്കുടി, ചേരാനല്ലൂർ, വരാപ്പുഴ, ഏലൂർ, തൃക്കാക്കര നോർത്ത്, എന്നിവിടങ്ങളിലെ 189 വീടുകളാണ് നഷ്ടപ്പെടുന്നത്. മൊത്തത്തിൽ നഷ്ടപ്പെടുന്ന 348 വീടുകൾ ഉൾപ്പെടെ 823 കുടുംബങ്ങളുടെ ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കുന്നത്. കണ്ണൂരിൽ വിമാനത്താവളത്തിനായി 200 ഏക്കർ ഏറ്റെടുക്കണമെന്നാണ് കേന്ദ്രം നിർദ്ദേശിച്ചത്. ജനപ്രതിനിധികളുമായും സർവ്വ കക്ഷി പ്രതിനിധികളുമായും ചർച്ച ചെയ്ത് 2200 ഏക്കർ ഏറ്റെടുക്കാൻ തൂരുമാനമായിട്ടുണ്ട്. കാലിക്കട്ട് വിമാനത്താവളത്തിനായുള്ള ഭൂമി ഏറ്റടുക്കൽ നടപടികൾ ഒരടി പോലും മുന്നോട്ട് പോകാൻ പറ്റാത്ത അവസ്ഥയിലാണെന്നും മന്ത്രി പത്രസമ്മേളനത്തിൽ അറിയിച്ചു.

**09. ഒറീസ്സയിൽ കേന്ദ്രം ഇടപെടണം: ആഭ്യന്തരമന്ത്രിക്ക് ബിഷപ്പിന്റെ പരാതി.**

(ദേശാഭിമാനി 06-03-2008)

ഒറീസയിൽ ക്രൈസ്തവർക്കും ന്യൂനപക്ഷങ്ങൾക്കുമെതിരെ വർഗീയവികാരം ഇളക്കിവിടുന്ന സ്വാമി ലക്ഷ്മണാനന്ദ സരസ്വതിയുടെ പ്രവർത്തനം നിയന്ത്രിക്കാൻ കേന്ദ്രം ഇടപെടണമെന്ന് ഒറീസ്സ ആർച്ച് ബിഷപ് റാഫേൽ ചീനാത്ത് ആഭ്യന്തര മന്ത്രി ശിവ് രാജ് പാട്ടീലിനെ കണ്ട് ആവശ്യപ്പെട്ടു. ലക്ഷ്മണാനന്ദ സരസ്വതി ഇപ്പോഴും ക്രൈസ്തവർക്കെതിരെ പ്രചരണം നടത്തിവരികയാണെന്ന് ബിഷപ് ചീനാത്ത് ആഭ്യന്തരമന്ത്രിയോട് പറഞ്ഞു. ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ തടയാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് നടപടി ഉണ്ടാകുന്നില്ല. മതം മാറ്റത്തിനെതിരെ എന്ന പേരിൽ സ്വാമി ഇപ്പോൾ നിരാഹാരസമരത്തിന് ഒരുങ്ങുകയാണ്. ഇനി സ്ഥിതി കൂടുതൽ മോശമാകും. ന്യൂനപക്ഷങ്ങൾക്കു നേരെ ആക്രമണമുണ്ടായ കാന്തമൽ ജില്ലയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്താൻ പള്ളിയെയോ സന്നദ്ധസംഘടനയെയോ സർക്കാർ അനുവദിക്കുന്നില്ല. റെഡ് ക്രോസിനുമാത്രമാണ് ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് അനുമതി നൽകിയത്. സംഘപരിവാർ ആക്രമണങ്ങളിൽ മൂന്നു കോടിയോളം രൂപയുടെ നഷ്ടങ്ങൾ വന്നിട്ടുണ്ട്. നഷ്ടപരിഹാരം അനുവദിക്കാമെന്ന് പറഞ്ഞിരുന്നു. എന്നാൽ നടപടി ഉണ്ടായിട്ടില്ല. ദുരിതാശ്വാസപ്രവർത്തനങ്ങൾ തടസ്സപ്പെടുത്താൻ ആർക്കും അവകാശമില്ലെന്ന് ശിവ് രാജ് പാട്ടീൽ ബിഷപ്പിനോട് പറഞ്ഞു. ദുരിതാശ്വാസത്തിന് ആർക്കും അവകാശമുണ്ട്. ഇക്കാര്യം സർക്കാർ ഗൗരവത്തിൽ പരിഗണിക്കും. നഷ്ടപരിഹാരത്തിന്റെ കാര്യത്തിലും ഉടൻ തീരുമാനമെടുക്കും. -മന്ത്രി പറഞ്ഞു.